**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1356** **27-07-2021 - ൽ മറുപടിയ്ക്ക്**

**മൃഗശാല ജീവനക്കാരന്റെ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സജീവ് ജോസഫ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മൃഗശാലയിലെ ജീവനക്കാരനായിരുന്ന കാട്ടാക്കട സ്വദേശി ഹർഷാദ് രാജവെമ്പാലയുടെ കടിയേറ്റ് മരിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തൊക്കെയായിരുന്നു; | (എ) | മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 859/2021 U/S 174 CRPC നമ്പരായ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. രാജവെമ്പാലയെ പാർപ്പിച്ചിരിക്കുന്ന കൂടിന്റെ ഘടനാ വിന്യാസം നടത്തിയിട്ടുള്ളത്, സന്ദർശകർക്ക് രാജവെമ്പാലയെ കാണുന്നതിനുള്ള പ്രദർശന കൂടും പിൻഭാഗത്ത് കീപ്പേഴ്സ്ഗ്യാലറിയിൽ സജ്ജമാക്കിയിട്ടുള്ള ഷിഫ്റ്റ് കേജുമായാണ് (മാറ്റുകൂട്). പ്രദർശനകൂടും മാറ്റുകൂടും തമ്മിൽ പരസ്പരം ബന്ധിപ്പിച്ചിട്ടുള്ളതും ബന്ധിപ്പിക്കുന്ന ഭാഗത്ത് ഷട്ടർ ഘടിപ്പിച്ചിട്ടുള്ളതുമാണ്. ഈ സംവിധാനം ഉപയോഗിച്ച് പാമ്പുകളെ പ്രദർശനകൂടിലേക്കും മാറ്റുകൂടിലേക്കും അങ്ങോട്ടും ഇങ്ങോട്ടും മാറ്റുവാൻ സാധിക്കുന്നതാണ്. ജീവനക്കാരന് നേരിട്ട് പാമ്പിനെ കൈകാര്യം ചെയ്യാതെ തന്നെ മാറ്റുവാനുള്ള സംവിധാനമാണുള്ളത്. പാമ്പിനെ മാറ്റുകൂട്ടിൽ ഇട്ടുകൊണ്ട് കൂടിനുള്ളിൽ കൈകടത്തിയതിന്റെ ഫലമായാവണം തിരുവനന്തപുരം മൃഗശാലയിൽ ജീവനക്കാരന് പാമ്പിന്റെ കടിയേറ്റത് എന്ന് കരുതുന്നു. |
| (ബി) | പ്രസ്തുത സംഭവത്തിനുശേഷം സമാനമായ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജീവനക്കാർക്ക് നൽകിയിട്ടുള്ള ഗംബൂട്ട്, ഗ്ലൗസ്സ് മുതലായ സുരക്ഷാ ഉപകരണങ്ങൾ കർശനമായും ജോലി സ്ഥലത്ത് ഉപയോഗിക്കുന്നതിനായി നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഒരു വിദഗ്ദ്ധ സമിതിയുടെ അന്വേഷണം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (സി) | വന്യജീവികൾക്ക് ഭക്ഷണം നൽകുമ്പോൾ രണ്ട് പേർ ഉണ്ടാകണം എന്ന മ്യൂസിയം പ്രോട്ടോക്കോൾ | (സി) | വന്യജീവികൾക്ക് ഭക്ഷണം നൽകുമ്പോൾ രണ്ട് പേരുണ്ടാകണമെന്ന പ്രോട്ടോകോൾ നിലവിലില്ല. |

| | | | |
|---|---|---|---|
| | പാലിക്കാതിരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | | ഒരാൾക്ക് മാത്രം വഹിക്കാവുന്ന ജോലി സ്വഭാവമുള്ള കൂടുകളും; രണ്ട് പേർ ജോലി നിർവ്വഹണം നടത്തുന്ന കൂടുകളും മൃഗശാലയിലുണ്ട്. |
| (ഡി) | രാജവെമ്പാലയുടെ കടിയേറ്റ് മരിച്ച വ്യക്തിക്ക് ആവശ്യമായ കൈയ്യുറകളോ ബൂട്ടുകളോ ഉണ്ടായിരുന്നില്ല എന്നും പ്രസ്തുത പ്രദേശത്ത് സി.സി.ടി.വി. കൾ പ്രവർത്തിച്ചിരുന്നില്ല എന്നുമുള്ള ആക്ഷേപം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | രാജവെമ്പാലയുടെ കടിയേറ്റ് മരണപ്പെട്ട വ്യക്തിക്ക് സുരക്ഷയുടെ ഭാഗമായി ഗംബൂട്ട്, കൈയ്യുറകൾ, പാമ്പുകളെ കൈകാര്യം ചെയ്യുന്നതിനാവശ്യമായ സ്റ്റിക്കുകൾ എന്നിവയ്ക്ക് പുറമെ വാർത്താ വിനിമയത്തിന് വാക്കിടോക്കിയും ലഭ്യമാക്കിയിരുന്നു. രാജവെമ്പാലയെ പാർപ്പിച്ചിരിക്കുന്ന രണ്ട് വലിയ കൂടുകളിലും സി.സി.റ്റി.വികൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. പാമ്പിനെ താൽക്കാലികമായി മാറ്റുന്ന മാറ്റുകൂടുകൾ കീപ്പർഗ്യാലറിയിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. കീപ്പർഗ്യാലറി, കീപ്പർമാർ വസ്ത്രം മാറുന്നതിനുള്ള സ്വകാര്യയിടമായതിനാൽ അവിടെ സി.സി.റ്റി.വികൾ സ്ഥാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ